# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2352

09.12.2014 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

## ശമ്പള കമ്മീഷന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ. സി. കൃഷ്ണൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിന് നിയോഗിച്ച കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും കമ്മീഷൻ റിപ്പോർട്ട് എപ്പോൾ സമർപ്പിക്കുമെന്നും അറിയിക്കാമോ; | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം അതിന്റെ മദ്ധ്യ ഘട്ടത്തിലാണ്. 2014 ഡിസംബർ 02 മുതൽ സർവ്വീസ് സംഘടനകളുമായുള്ള ചർച്ച കമ്മീഷൻ ആരംഭിച്ചു കഴിഞ്ഞു. ആയതിനാൽ കാലാവധിക്കുള്ളിൽ നിന്ന് തന്നെ ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ സർക്കാരിന് സമർപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കമ്മീഷൻ കാലാവധി വീണ്ടും ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | : | 29.11.2014-ലെ സ.ഉ.(കൈ)നം.521/14/ധന ഉത്തരവിലൂടെ കമ്മീഷന്റെ കാലാവധി 30.06.2015 വരെ സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (സി) | ശമ്പള പരിഷ്കരണം ഏത് തീയതി മുതൽ ബാധകമാക്കാനാണ് ഉദ്ദേശിക്കുന്നത്; | : | ശമ്പള പരിഷ്കരണ തീയതി എന്ന് മുതൽ പ്രാബല്യത്തിൽ വരുത്തണമെന്ന് കമ്മീഷൻ റിപ്പോർട്ട് നൽകുമ്പോൾ മാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | ശമ്പള കമ്മീഷൻ പുറപ്പെടുവിച്ച ചോദ്യാവലിക്ക് എത്ര സംഘടനകളും വ്യക്തികളും മറുപടി നൽകിയിട്ടുണ്ടെന്നും മറുപടികളുടെ പരിശോധനകൾ പൂർത്തിയായിട്ടുണ്ടോ എന്നും അറിയിക്കാമോ; | | ചോദ്യാവലിയ്ക്കുള്ള മറുപടിയായും നിവേദനങ്ങളായും നാളിതു വരെ കമ്മീഷന് 2138 മറുപടികൾ ലഭിച്ചിട്ടുണ്ട്. ഇതിന്റെ പരിശോധന ത്വരിത വേഗത്തിൽ നടന്നു വരുന്നു. |
| (ഇ) | സർവ്വീസ് സംഘടനാ പ്രതിനിധികളുമായുള്ള ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | 2014 ഡിസംബർ 02 മുതൽ സർവ്വീസ് സംഘടനകളുമായുള്ള ചർച്ച കമ്മീഷൻ ആരംഭിച്ചു കഴിഞ്ഞു. |
| (എഫ്) | ശമ്പള കമ്മീഷന്റെ പ്രവർത്തനത്തിനായി നിയമിച്ച ഉദ്യോഗസ്ഥരെല്ലാം പ്രസ്തുത ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനത്തിനായി നിയമിച്ച 28 പേരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ